# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

**ഹാജർ - പി.ആർ സജികുമാർ**

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ശ്രീ. എബി വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയറെ ഈ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: - 1) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 20.05.2019 - ലെ EC5/42216/18/DTE നമ്പർ നിയമന ഉത്തരവ്

2) തസ്വഭവ ഡിവിഷൻ എറണാകുളം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 29.05.2019 - ലെ എ3-619/2018 നമ്പർ കത്ത്

3) ശ്രീ. എബി വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയറുടെ 27.05.2019-ലെ അപേക്ഷ

4) ഈ കാര്യാലയത്തിലെ 29.12.2018 - ലെ ഇ3-2100/08/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ് നം. ഇ 3 - 4400/2008/സിഇ/തസ്വഭവ, തീയതി. 31.05.2019**

തദ്ദേശസ്വയംഭരണ വകുപ്പിൽ എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ കുന്നുകര ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എബി വർഗ്ഗീസ് - ന് മേൽ പരാമർശം (1) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ സിവിൽ എഞ്ചിനീയറിംഗ് തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിയമനം സ്വീകരിക്കുന്നതിനായി ഈ വകുപ്പിൽ നിന്നും വിടുതൽ ചെയ്യണമെന്ന് പരാമർശം (3) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ വിടുതൽ ചെയ്യുന്നതിന് പരാമർശം (2) പ്രകാരം എറണാകുളം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിരിക്കുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. എബി വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഈ വകുപ്പിൽ ബാദ്ധ്യതകളൊന്നുമില്ലായെന്ന് ഉറപ്പുവരുത്തി ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ, സൂചന (4) ഉത്തരവ് എന്നിവ കർശനമായി പാലിച്ച് വിടുതൽ ചെയ്യുന്നതിന് ബന്ധപ്പെട്ട നിയന്ത്രണാധികാരിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ വകുപ്പിൽ ടിയാന്റെ സേവനം ക്രമവത്കരിക്കുകയോ, നിരീക്ഷണ കാലഘട്ടം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്.

ടിയാനെ വിടുതൽ ചെയ്ത വിവരം ഈ കാര്യാലയത്തെ യഥാസമയം അറിയിക്കേണ്ടതാണ്.

ശ്രീ. എബി വർഗ്ഗീസ്
അസിസ്റ്റന്റ് എഞ്ചിനീയർ
കുന്നുകര ഗ്രാമപഞ്ചായത്ത്, എറണാകുളം

*ഒപ്പ്*

**ചീഫ് എഞ്ചിനീയർ**

*അംഗീകാരത്തോടെ*

*അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്*

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള ബ്രാഞ്ച്: തൃശ്ശൂർ
2. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് കാര്യാലയം, എറണാകുളം
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം